**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4003** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും പാരമ്പര്യാധിഷ്ഠിതമായി ചികിത്സിക്കുന്ന വൈദ്യൻമാർക്ക് കൂടി മരുന്നുകൾ നിർമ്മിച്ച് വിപണനം ചെയ്യുവാനുള്ള അനുമതി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (എ) | കേന്ദ്ര നിയമമായ 1940 ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട്, 1945 ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് റൂൾസ് എന്നിവ അനുസരിച്ച് സംസ്ഥാനത്തെ ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ നിയന്ത്രിക്കുന്ന ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം, ഗുണനിലവാരമുള്ള ആയുർവേദ ഔഷധങ്ങളുടെ നിർമ്മാണവും വിപണനവും ഉറപ്പു വരുത്തുവാനായി പ്രസ്തുത നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകാവുന്ന സേവനങ്ങൾ സമയബന്ധിതമായി നൽകി വരുന്നു. 1940 ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് & 1945 ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് റൂൾസ് അധ്യായം IVഎ, അനുബന്ധചട്ടങ്ങളിൽ അനുശാസിക്കുന്ന മതിയായ സൗകര്യങ്ങൾ, സാങ്കേതിക വിദഗ്ധരുടെ സേവനം എന്നിവ ഏർപ്പെടുത്തിക്കൊണ്ട് ഔഷധ നിർമ്മാണ ലൈസൻസ് (Drug manufacturing license in form 25D), ജി.എം.പി. സർട്ടിഫിക്കറ്റ് എന്നിവ നേടിക്കൊണ്ടോ, ലൈസൻസും ജി.എം.പി. സർട്ടിഫിക്കറ്റും നേടിയിട്ടുള്ള സ്ഥാപനത്തിന്റെ സൗകര്യം ഉപയോഗപ്പെടുത്തി ലോൺ ലൈസൻസ് (Drug manufacturing Loan license in form 25E) നേടിക്കൊണ്ടോ, നിലവിലെ നിയമപ്രകാരം ഏതൊരാൾക്കും ആയുർവേദ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യാവുന്നതാണ്. മേൽ പറഞ്ഞ പ്രകാരം ലൈസൻസ് അപേക്ഷകൾ സമർപ്പിക്കുന്ന പാരമ്പര്യ വൈദ്യൻമാർ ഉൾപ്പെടെ എല്ലാ അപേക്ഷകർക്കും നിയമപ്രകാരം ആയുർവേദ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള അനുമതികൾ (ഡ്രഗ്ഗ് മാനുഫാക്ചറിംഗ് ലൈസൻസ് / ഡ്രഗ്ഗ് മാനുഫാക്ചറിംഗ് ലോൺ ലൈസൻസ്) ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാന നിയമമായ 2021 ലെ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് പ്രകാരവും, കേന്ദ്രനിയമമായ National Commission for Indian System of Medicine Act, 2020 (NCISM Act 2020) പ്രകാരവും കേരളത്തിൽ രോഗികളെ പരിശോധിക്കുന്നതിനും ചികിത്സ ചെയ്യുന്നതിനും അംഗീകൃത യോഗ്യതയും മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും അനിവാര്യമാണ്. |

സെക്ഷൻ ഓഫീസർ